LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത കെട്ടിടത്തിലെ നിർമ്മാണത്തിലെ പിഴവുകാരണമല്ല കെട്ടിടം വാടകയ്ക്കോ ലീസിനോ എടുക്കാത്തത്. 2015 മുതൽ പ്രസ്തുത കെട്ടിടത്തിന്റെ ലീസിനുവേണ്ടി ടെണ്ടർ ക്ഷണിക്കുന്നെങ്കിലും Competitive Rate ലഭ്യമാകാത്തതു ലീസ് നിരക്കിനെയോ, കെട്ടിട സുരക്ഷയെയോ ബാധിക്കുന്നതല്ല. നിർമ്മാണത്തിൽ എന്തെങ്കിലും തകരാറുണ്ടോ എന്ന് പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ ചെന്നൈ IIT യിലെ വിദഗ്ദരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണത്തിൽ എന്തെങ്കിലും വൈകല്യം ഉണ്ടോ എന്നത് അന്വേഷിക്കാൻ KTDFC-യുടെ 165-മത് Board യോഗം വിജിലൻസ് വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത അന്വേഷണത്തിൽ വിജിലൻസ് വകുപ്പിന്റെ വിദഗ്ധ സമിതിയെ KTDFC യും സഹായിക്കുന്നു. ഇതുമായി ലീസ് നിരക്കിന് ബന്ധമൊന്നും ഉള്ളതായി കാണുന്നില്ല. മൂന്നാം ടെണ്ടറിലും നാലാം ടെണ്ടറിലും മത്സരസ്വഭാവമുള്ള നിരക്കുകൾ ലഭിച്ചു. ഈ തകരാറുകൾ പരിഹരിക്കുന്ന വിവരം ടെണ്ടറർമാർക്കറിവുള്ളത് തന്നെയാണ്.

ഹരിപ്പാട് ഡിപ്പോയിലെ ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി

258(1243) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഹരിപ്പാട് ഡിപ്പോയിൽനിന്നുള്ള എത്ര സർവ്വീസുകളാണ് വെട്ടിക്കുറച്ചതെന്ന് അറിയിക്കാമോ?

2021 മാർച്ച് വരെ പ്രതിദിനം ശരാശരി 30 സർവ്വീസുകൾ നടത്തിവന്നിരുന്നു. കോവിഡ് വ്യാപനത്തെ തുടർന്ന് നിയന്ത്രണങ്ങൾ ഉള്ളതിനാൽ നിലവിൽ 26 സർവ്വീസുകൾ നടത്തിവരുന്നു. ഇതിനായി 31 ബസുകൾ നിലവിലുണ്ട്.

(ബി) ഇവിടെ സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സുകളാണ് മറ്റ് ഡിപ്പോകളിലേയ്ക്ക് മാറ്റിയതെന്നും ഇതിന്റെ കാരണമെന്തെന്നും അറിയിക്കാമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കോർപ്പറേഷന്റെ ആകെയുള്ള 6185

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകൾ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ 3800 ബസ്സുകളും കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ബാക്കിയുള്ള ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. മേൽ പ്രതിപാദിച്ച ചെലവ് ചുരുക്കലിന്റെ ഭാഗമായി കാലപ്പഴക്കംചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ഉള്ളതുമായ 12 ബസ്സുകൾ ഹരിപ്പാട് യൂണിറ്റിൽ നിന്നും സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. ഹരിപ്പാട് ഡിപ്പോയിൽ സർവ്വീസിന് കൂടുതൽ ബസ്സുകൾ ആവശ്യമുള്ള സാഹചര്യം വരുമ്പോൾ ജില്ലാ പൂളിൽനിന്നും അനുവദിച്ച് നൽകുന്നതാണ്.

(സി) ഇതിന്റെ ഫലമായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ്-19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോവിഡ്-19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

തിരുവനന്തപുരം-മറയൂർ സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി

259(1244) ശ്രീ. എ. രാജ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മറയൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ;

(ബി) മറയൂരിൽനിന്നും കാന്തല്ലൂരിലേയ്ക്ക് പ്രസ്തുത സർവ്വീസ് നീട്ടുന്നതിനെ സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&